# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6163 | 08.07.2014-ൽ മറുപടിയ്ക്ക്

## ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാർഷിക അവലോകന റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് സ്ഥാന ക്കയറ്റം നൽകുന്നതിനായുള്ള വാർഷിക രഹസ്യ റിപ്പോർട്ട് തയ്യാറാ ക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (എ) ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാർഷിക രഹസ്യ റിപ്പോർട്ട് (വാർഷിക മൂല്യനിർണ്ണയ റിപ്പോർട്ട്) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവായ ഒരു തർക്കവും നിലവിലില്ല. 1988-ലും തുടർന്ന് ഭേദഗതി ചെയ്തും പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ചാണ് അഖി ലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥരുടെ വാർഷിക മൂല്യനിർണ്ണയ റിപ്പോർട്ടിലെ (Performance Appraisal Report) റിപ്പോർട്ടിംഗ്, റിവ്യൂയിംഗ്, അക്സപ്റ്റിംഗ് അധികാരികളെ നിശ്ചയിക്കുന്നത്.<br>1991 ബാച്ചിലെ ഐ.എ.എസ്. ഉദ്യോഗസ്ഥനായ ശ്രീ.രാജു നാരായണ സ്വാമി തന്റെ 01.04.2012-മുതൽ 11.01.2013 വരെയുള്ള വാർഷിക മൂല്യനിർണ്ണയ റിപ്പോർട്ടിൽ റിപ്പോർട്ടിംഗ്, റിവ്യൂയിംഗ്, അധികാരികൾ അദ്ദേഹത്തിനെതിരെ രേഖപ്പെടുത്തിയ പ്രതികൂല അഭിപ്രായങ്ങൾ മാറ്റുന്നതുമായി ബന്ധ പ്പെട്ട് സെൻട്രൽ അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ നൽകിയ അന്യായത്തിൽ അദ്ദേഹത്തിന്റെ വാർഷികമൂല്യനിർണ്ണയ റിപ്പോർട്ട് ചീഫ് സെക്രട്ടറി എഴുതുവാൻ പാടില്ലെന്ന് നിർദ്ദേശം നൽകുവാൻ അപേക്ഷിച്ചിരുന്നു. പ്രസ്തുത അന്യായം ഇപ്പോഴും ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.<br>1989-ബാച്ചിലെ ഐ.എ.എസ്. ഉദ്യോഗസ്ഥനായ ശ്രീ.സുരേഷ്കുമാറും സമാനമായ ഒരു അന്യായ ത്തിൽ സെക്രട്ടറി റാങ്കിലുള്ള ഐ.എ.എസ്. ഉദ്യോഗ സ്ഥരുടെ റിപ്പോർട്ടിംഗ് അധികാരി ബന്ധപ്പെട്ട മന്ത്രി യാണ് ആകേണ്ടതെന്ന് വാദിച്ചിരുന്നു. മേൽപ്പറഞ്ഞ അന്യായം ശ്രീ.സുരേഷ്കുമാർ തന്നെ പിന്നീട് പിൻവ ലിച്ചിട്ടുണ്ട്. |
| (ബി) സെക്രട്ടറിമാർ മുതലുള്ള മുതിർന്ന ഉദ്യോഗസ്ഥരുടെ എ.സി.ആർ. (വാർഷിക അവലോകന റിപ്പോർട്ട്) തയ്യാറാക്കുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ; | (ബി) റിപ്പോർട്ടിംഗ് അധികാരി - ചീഫ് സെക്രട്ടറി<br>റിവ്യൂയിംഗ് അധികാരി - ബന്ധപ്പെട്ട വകുപ്പു മന്ത്രി<br>അക്സപ്റ്റിംഗ് അധികാരി - മുഖ്യമന്ത്രി. |

| | | | |
|---|---|---|---|
| (സി) | 1989 ബാച്ചിലുള്ളവർക്ക് പ്രിൻസിപ്പൽ സെക്രട്ടറിമാരായി സ്ഥാനക്കയറ്റം നൽകാത്തതിനെതിരെ ഐ.എ.എസ്. അസ്സോസിയേഷൻ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ